# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 598 — 8-7-2013-ൽ മറുപടിക്ക്

## വിവാഹപ്രായം സംബന്ധിച്ച നിയമ വ്യവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. എളമരം കരീം<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ.എം. ഹംസ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സ്ത്രീയുടെയും പുരുഷന്റെയും വിവാഹപ്രായം സംബന്ധിച്ച നിയമ വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിലുള്ള നിയമവ്യവസ്ഥകൾ ഉൾപ്പെടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) ഉദ്ദേശിക്കുന്നില്ല.1955-ലെ ഹിന്ദു വിവാഹ നിയമം 5(iii) വകുപ്പ് പ്രകാരം പുരുഷന് 21 വയസ്സും സ്ത്രീയ്ക്ക് 18 വയസ്സുമാണ് വിവാഹപ്രായം. 1954-ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് 4-ാം വകുപ്പ് (സി) ഖണ്ഡ പ്രകാരം വിവാഹ സമയത്ത് പുരുഷന് 21 വയസ്സും സ്ത്രീയ്ക്ക് 18 വയസ്സും തികഞ്ഞിരിക്കണം 1872-ലെ ക്രിസ്ത്യൻ വിവാഹനിയമം 60 (1) വകുപ്പ് പ്രകാരം വിവാഹ സമയത്ത് പുരുഷന് 21 വയസ്സും സ്ത്രീയ്ക്ക് 18 വയസ്സും തികഞ്ഞിരിക്കണം. മുസ്ലീം മതവിഭാഗത്തിലെ സ്ത്രീക്കും പുരുഷനും മുസ്ലീം വ്യക്തി നിയമ പ്രകാരം puberty attain ചെയ്താൽ വിവാഹത്തിൽ ഏർപ്പെടാവുന്നതാണ്. 2006-ലെ ശൈശവ വിവാഹ നിരോധന നിയമ പ്രകാരം 21 വയസ് |

തികയാത്ത പുരുഷനും 18 വയസ് തികയാത്ത സ്ത്രീയും തമ്മിലുള്ള വിവാഹം കോടതി മുഖാന്തിരം അസാധുവാക്കാവുന്നതാണ്. വിവാഹപ്രായമെത്തിയശേഷം രണ്ടു വർഷത്തിനുള്ളിൽ അസാധുവാക്കുന്നില്ലെങ്കിൽ അത്തരം വിവാഹം സാധുവാണ്.

(ബി) ഏതെങ്കിലും മതവിഭാഗത്തിലെ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വിവാഹപ്രായത്തിന്റെ കാര്യത്തിൽ ഇളവ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ല. എന്നാൽ 27-6-2013 ലെ 41832/ആർസി3/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം 27-6-2013 വരെ നടത്തിയിട്ടുള്ള എല്ലാ വിവാഹങ്ങളും 2008-ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ പ്രകാരം വിവാഹ സമയത്തെ പ്രായം എത്രയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

ഇല്ല.

(ഡി) ഈ സർക്കാർ ഇതിനകം വിവാഹപ്രായവും രജിസ്ട്രേഷനും സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

(ഡി) 14-6-2013-ൽ പുറപ്പെടുവിച്ച 35298/ആർസി3/2013/തസ്വഭവ, 27-6-2013 -ൽ പുറപ്പെടുവിച്ച 41832/ആർസി3/2013/തസ്വഭവ സർക്കുലറുകളുടെ പകർപ്പ് അനുബന്ധമായി വെച്ചിരിക്കുന്നു.

സെക്ഷൻ ഓഫീസർ

Annexture-I

user *

3583
19/6/13

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

നം.35298/ആർ.സി.3/2013/ത.സ്വ.ഭ.വ.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്,
തിരുവനന്തപുരം, തീയതി 14-6-2013

## സർക്കുലർ

വിഷയം:- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008- മുസ്ലീം മത വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹ പ്രായം സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 1. 29-10-2012 ലെ ഡയറക്ടർ കില-യുടെ 64/12/HD/KILA നമ്പർ കത്ത്.

2. 6-4-2013 ലെ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 66549/ആർസി3/2012 നമ്പർ കത്ത്.

മുസ്ലീം സമുദായത്തിൽ രക്ഷിതാക്കളുടെ സമ്മതത്തോടെ പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിൽ കുറവും പ്രായം ഉള്ള വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്നത് സംബന്ധിച്ച് ഡയറക്ടർ, കില സൂചന കത്ത് പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1957 ലെ മുസ്ലീം വിവാഹനിയമത്തിൽ വിവാഹ സമയം പുരുഷന്മാർക്ക് 21 വയസ്സും സ്ത്രീകൾക്ക് 18 വയസ്സും തികഞ്ഞിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത സാഹചര്യത്തിലും 2006-ലെ ശൈശവ വിവാഹ നിരോധന നിയമ പ്രകാരം 21 വയസ്സ് തികയാത്ത പുരുഷനും 18 വയസ്സ് തികയാത്ത സ്ത്രീയും തമ്മിലുള്ള വിവാഹം അസാധുവാണെന്ന് പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിലും പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾക്ക് കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അത്തരം വിവാഹങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്തു നൽകാവുന്നതാണെന്ന് കില ഡയറക്ടർക്ക് സൂചന (2) കത്ത് പ്രകാരം സ്പഷ്ടീകരണം നൽകിയിരുന്നു. ഇക്കാര്യം ചീഫ് രജിസ്ട്രാറെയും അറിയിച്ചിരുന്നു.

എന്നാൽ ഇതിനുശേഷവും മുസ്ലീം സമുദായാംഗങ്ങളുടെ ഭാഗത്ത് നിന്ന് വധുവിന് വിവാഹസമയത്ത് 18 വയസ്സ് തികയാത്ത കാരണത്താൽ പല തദ്ദേശ രജിസ്ട്രാർമാരും വിവാഹം രജിസ്റ്റർ ചെയ്ത് നൽകാത്തത് സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിച്ചു. ഈ സാഹചര്യത്തിൽ വിവാഹസമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും ( 16 വയസ്സിന് മുകളിൽ) നടന്നിട്ടുള്ള മുസ്ലീം വിവാഹങ്ങൾ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ബന്ധപ്പെട്ട മതാധികാരസ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണെന്ന് എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും അറിയിക്കുന്നു. തദ്ദേശ സ്ഥാപനങ്ങളിലെ രജിസ്ട്രാർമാർ ഈ നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കില, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)

ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

Annexure-II

3874/13

**GOVERNMENT OF KERALA**

നം: 41832/ആർ.സി.3/2013/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 27.06.2013

## സർക്കുലർ

വിഷയം:- കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 - വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :- (1) 06.04.2013 -ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 66549/ആർ.സി.3/2012 നമ്പർ കത്ത്.
(2) 14.06.2013 -ലെ തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 35298/ആർ.സി.3/2013 നമ്പർ സർക്കുലർ.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2006 ലെ സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ വിധിയുടെ അടിസ്ഥാനത്തിൽ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ 2008 -ൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എല്ലാ മതങ്ങളിലും ഉള്ള ഇൻഡ്യൻ പൗരൻമാർ നിർബന്ധമായും വിവാഹം രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയാണ് പ്രസ്തുത ചട്ടങ്ങളുടെ പ്രധാന ഉദ്ദേശ്യം.

മുസ്ലീം സമുദായത്തിൽപ്പെട്ടവരിൽ പുരുഷൻമാർക്ക് 21 വയസ്സിൽ കുറവും സ്ത്രീകൾക്ക് 18 വയസ്സിൽ കുറവും പ്രായം ഉള്ള വിവാഹങ്ങൾ (16 വയസ്സിൽ കൂടുതൽ) പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന ഒരു സ്പഷ്ടീകരണം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് സർക്കാർ അതിന്റെ നിയമപരവും സാമൂഹികവും അടക്കമുള്ള വിവിധ വശങ്ങൾ പരിശോധിച്ചതിനു ശേഷം 06.04.2013 -ൽ ഒരു സ്പഷ്ടീകരണം നൽകുകയും തുടർന്ന് 14.06.2013 -ൽ ഒരു സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. വിവാഹ സമയത്ത് പുരുഷന് 21 വയസ്സ് തികയാതെയും സ്ത്രീക്ക് 18 വയസ്സ് തികയാതെയും (16 വയസ്സിനു മുകളിൽ) നടന്നിട്ടുള്ള മുസ്ലിം വിവാഹങ്ങൾ പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ് എന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും അറിയിച്ചുകൊണ്ടായിരുന്നു മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചത്.

പ്രസ്തുത സർക്കുലർ ചില തെറ്റായ സന്ദേശങ്ങൾ നൽകുന്നതായി ചില കോണുകളിൽ നിന്നും ആക്ഷേപങ്ങൾ ഉയർന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം

വീണ്ടും പരിശോധിക്കുകയും സർക്കുലർ കൊണ്ട് ഉദ്ദേശിച്ചിട്ടില്ലാത്ത ചില തെറ്റായ സന്ദേശങ്ങൾ ഒഴിവാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

കിലയുടെ ഡയറക്ടർ ഉന്നയിച്ച സംശയത്തിന് സ്പഷ്ടീകരണം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രമാണ് സർക്കാർ പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹം രജിസ്റ്റർ ചെയ്തു എന്നതു കൊണ്ടുമാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ലാത്തതും ഒരു വിവാഹത്തിന്റെ സാധ്യുത സംബന്ധിച്ച് നിർണ്ണായകമായ ഘടകവും അല്ല എന്നും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമൂലം ആ വിവാഹങ്ങളിൽ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണം, അവകാശം, വിവാഹിതരാകുന്ന വ്യക്തികളുടെ പ്രായം എന്നീ കാര്യങ്ങൾ സംബന്ധിച്ച് അത് മുഖ്യ തെളിവ് ആയിരിക്കുന്നതാണ് എന്നുമുള്ള സീമ Vs. അശ്വനികുമാർ എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയും പ്രായപൂർത്തിയാകാതെ നടന്ന വിവാഹങ്ങളിലും അവയുടെ സാഹചര്യങ്ങൾ പരിഗണിച്ച് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് W.P.(C) No.28388/2012, W.P.(C) No.2154/2013 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധികളും മറ്റും അവലംബിച്ചാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളുടെ വ്യാപ്തിക്കുള്ളിൽ നിന്നുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത സർക്കുലർ ശൈശവവിവാഹം പ്രോൽസാഹിപ്പിച്ചേക്കും എന്ന ഒരു തെറ്റിദ്ധാരണ ഉളവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാത്തതുമൂലം വർഷങ്ങളായി ഒരുമിച്ചു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർക്കും അവരുടെ സന്താനങ്ങൾക്കും വിവിധ തരത്തിലുള്ള വിഷമതകൾ നേരിടുന്നതായി മനസ്സിലാക്കിയതുകൊണ്ടു മാത്രമാണ് പ്രസ്തുത സ്പഷ്ടീകരണവും സർക്കുലറും പുറപ്പെടുവിച്ചിട്ടുള്ളത്. അതല്ലാതെ ശൈശവവിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയ്ക്ക് എന്തെങ്കിലും ഭംഗം വരുത്തണമെന്ന് സർക്കാർ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. അപ്രകാരം ഒരു തെറ്റിദ്ധാരണ ചിലരിലെങ്കിലും ഉളവാക്കിയതായും സർക്കുലറിൽ വസ്തുതാപരമായ ചില പിശകുകൾ സംഭവിച്ചതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുകൊണ്ട് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ഒരു പുതിയ സർക്കുലർ പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചതിൻ പ്രകാരമാണ് സ്പഷ്ടീകരിച്ചുകൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്.

മേൽ പരാമർശിച്ച സ്പഷ്ടീകരണവും സർക്കുലറും 2006 –ലെ ശൈശവ വിവാഹ നിരോധന നിയമത്തിന്റെ അന്തസത്തയെ ഒരു തരത്തിലും ബാധിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നില്ല. മറിച്ച് ശൈശവവിവാഹനിരോധന നിയമത്തിന്റെ എല്ലാ വകുപ്പുകളും അക്ഷരാർത്ഥത്തിൽ തന്നെ നടപ്പിലാക്കുവാൻ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പ്രതിജ്ഞാബദ്ധമാണ് എന്ന് വ്യക്തമാക്കുന്നു. മാത്രമല്ല

ശൈശവ വിവാഹ നിരോധന നിയമത്തിലെ 9, 10, 11 എന്നീ വകുപ്പുകൾ പ്രകാരം ശൈശവ വിവാഹം ശിക്ഷാർഹവുമാണ്. ശൈശവ വിവാഹങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും നിയമത്തിൽ പ്രതിപാദിക്കുന്ന മറ്റ് ഉദ്യോഗസ്ഥരും തികഞ്ഞ ജാഗ്രത പുലർത്തേണ്ടതും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതും ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജാഗ്രതാസമിതികളും ഇക്കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രതാസമിതി അംഗങ്ങൾക്കു നൽകേണ്ടതുമാണ്.

വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 2008 -ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് ചില അവ്യക്തതകൾ നിലനിൽക്കുന്നതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വൈമുഖ്യം പ്രകടിപ്പിക്കുന്നു. ഇത് ഒരു സാമൂഹിക പ്രശ്നമായി നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇന്നേ ദിവസം വരെ (27.06.2013) നടന്നിട്ടുള്ള എല്ലാ വിവാഹങ്ങളും പ്രസ്തുത ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

മേൽ പരാമർശിക്കപ്പെട്ട 06.04.2013 -ലെ സ്പഷ്ടീകരണവും 14.06.2013 -ലെ സർക്കുലറും അതിലംഘിച്ചു കൊണ്ട് ഈ സർക്കുലർ പുറപ്പെടുവിക്കുന്നു.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ-നീതി വകുപ്പ്, തിരുവനന്തപുരം
ചെയർപേഴ്സൺ, കേരള ചൈൽഡ് റൈറ്റ്സ് കമ്മീഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, കില, തൃശ്ശൂർ
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ